യു. ജി. സി. സ്കീം നടപ്പിലാക്കിയതു വഴി വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ

122 (2999) ശ്രീ. എ. കണാരൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യു. ജി. സി. സ്കീം നടപ്പിലാക്കിയതു വഴി വിദ്യാഭ്യാസരംഗത്ത് ഉണ്ടായ നേട്ടങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വൻ സാമ്പത്തിക ബാദ്ധ്യതയുള്ള ഈ സ്കീം സർക്കാർ നടപ്പിലാക്കിയിട്ടും അദ്ധ്യാപക രംഗത്ത് ഇപ്പോഴും ശനിയാഴ്ച പ്രവർത്തി ദിവസമാകുന്ന കാര്യങ്ങളിൽ അസ്വസ്ഥത നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടില്ല.

(ബി) യു. ജി. സി. സ്കീം എന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ ലക്ഷ്യമിട്ടിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ്. അക്കാഡമിക് കാര്യങ്ങളിൽ യു. ജി. സി. നിർദ്ദേശങ്ങൾ മാറ്റമില്ലാതെ നടപ്പിലാക്കേണ്ടതുണ്ട്. അതു പ്രകാരം ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കിയിരുന്നു. ഒരു അദ്ധ്യയന വർഷത്തിൽ 180 യഥാർത്ഥ അദ്ധ്യയന ദിവസം ഉണ്ടായിരിക്കണം എന്ന് യു.ജി.സി. നിഷ്ക്കർഷിച്ചിട്ടുണ്ട്. ആറ് പ്രവൃത്തി ദിവസങ്ങളായുള്ള ഒരാഴ്ചയിൽ 40 മണിക്കൂർ പ്രവൃത്തിസമയവും അതിൽ 16 മണിക്കൂർ യഥാർത്ഥ അദ്ധ്യയന സമയവുമായിരിക്കണമെന്നാണ് യു .ജി. സി. നിർദ്ദേശം. സർക്കാർ ഇക്കാര്യത്തിൽ എല്ലാ വശവും പരിശോധിച്ചതിനുശേഷം 16-2-2000-ൽ ഈ വിഷയത്തെ സംബന്ധിച്ച് 21-12-1999-ലെ ഉത്തരവിലുള്ള വ്യവസ്ഥകളിൽ, യു .ജി. സി. യുടെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് അദ്ധ്യാപകർക്ക് സ്വീകാര്യമായ ചില മാറ്റങ്ങൾ വരുത്തിയിരുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി യുവജനോത്സവത്തിന്റെ ക്രമക്കേട്

123 (3000) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 മണ്ണാർക്കാട് കല്ലടി എം. ഇ. എസ് കോളേജിൽ വച്ച് നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി യുവജനോത്സവത്തിന്റെ എ സോൺ കലോത്സവത്തിന്റെ കഥാപ്രസംഗമത്സരത്തിൽ വിജയികളായത് ആരെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly